# Outcome of the Eighth Biennial Meeting on the UN Programme of Action to prevent, combat and eradicate illicit trade & International Tracing Instrument for illicit small arms and light weapons

July 04, 2022

---

# നിയമവിധേയമല്ലാത്ത ചെറുകിട- ലഘു ആയുധങ്ങൾക്കായുള്ള അനധികൃത വ്യാപാരം തടയുകയും പ്രതിരോധിക്കുകയും ഉന്മൂലനം ചെയ്യുകയും ചെയ്യുന്നതും അന്താരാഷ്ട്ര ട്രേസിംഗ് ഉപകരണവും സംബന്ധിച്ചുള്ള യുഎൻ പ്രോഗ്രാമിന്‌റെ എട്ടാം ബൈനിൽ മീറ്റിംഗിന്‌റെ ഫലം

ജൂലൈ 04, 2022

ചെറുകിട-ലഘു ആയുധങ്ങളുടെയും അനധികൃത വ്യാപാരം(SALW) തടയുന്നതിനും ചെറുക്കുന്നതിനും ഉന്മൂലനം ചെയ്യുന്നതിനുമുള്ള ഐക്യരാഷ്ട്ര സഭ പരിപാടി നടപ്പാക്കുന്നതിനെക്കുറിച്ചുള്ള രാജ്യങ്ങളുടെ എട്ടാമത് ബൈനീൽ യോഗം, 2022 ജൂൺ 27 മുതൽ ജൂലൈ 1 വരെ ന്യൂയോർക്കിൽ വച്ച് നടന്നു. എസ എ എൽ ഡബ്ള്യൂവിന്‌റെ അനധികൃത കടത്തിനെതിരായ പ്രവർത്തന പരിപാടി ഇന്‌റർനാഷണൽ ട്രെയ്സിംഗ് ഇൻസ്ട്രുമെന്‌റ് എന്നിവ നടപ്പിലാക്കുന്നത് ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ഒരു ഫലരേഖ യോഗത്തിൽ അംഗീകരിച്ചു.

യോഗത്തിൽ, ഐക്യരാഷ്ട്ര സഭയുടെ പ്രവർത്തന പരിപാടി , ഇന്‌റർനാഷണൽ ട്രേസിംഗ് ഇൻസ്ട്രുമെന്‌റ് എന്നിവയുടെ പൂർണ്ണമായും ഫലപ്രദവുമായും നടപ്പാക്കലിനെയും, പ്രത്യേകിച്ചും ഒരു പ്രധാന ആഗോള വെല്ലുവിളിയായ തീവ്രവാദ ഭീഷണിയെ നേരിടുന്നതിലുള്ള അവയുടെ പ്രാധാന്യത്തെയും കുറിച്ച് ഇന്ത്യ ഊന്നിപ്പറയുന്നു.എസ് എ എൽ ഡബ്ല്യൂ വിന്‌റെ അനധികൃത വ്യാപാരം നിയന്ത്രിക്കുന്നതിനുള്ള മെച്ചപ്പെടുത്തിയ ദേശീയ ശ്രമങ്ങളിലൂടെയും നിയമവിരുദ്ധമായ എസ് എ എൽ ഡബ്ല്യൂ കണ്ടെത്തുന്നതിനുള്ള ഒരു സംവിധാനം വികസിപ്പിച്ചെടുക്കുന്നതിലൂടെയും ഈ പ്രവർത്തന നടപടികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഇന്ത്യ അഭ്യർത്ഥിച്ചു. അന്താരാഷ്ട്ര സഹകരണത്തിന്‌റെയും സഹായത്തിന്‌റെയും പ്രാധാന്യവും , പ്രത്യേകിച്ച് ഈ നടപടികൾ നടപ്പിലാക്കുന്നതിൽ വികസ്വര രാജ്യങ്ങൾക്ക് നൽകുന്ന

പിന്തുണയെക്കുറിച്ച്എം അവർക്കായുള്ള ഒരു ഫെലോഷിപ്പ് പ്രോഗ്രാമിനെക്കുറിച്ചും ഇന്ത്യ അടിവരയിട്ടു പറഞ്ഞു.

എട്ടാം ബൈനീൽ മീറ്റിംഗിന്റെ ഫല രേഖ ഭീകരത രൂക്ഷമാക്കുന്നതിൽ അനധികൃത ആയുധ വ്യാപാരത്തിന്റെ പ്രതികൂല ഫലങ്ങൾ തിരിച്ചറിയുകയും തീവ്രവാദം ഉയർത്തുന്ന ഭീഷണിയെ പ്രതിരോധിക്കുന്നതിൽ ഈ യുഎൻ നടപടികളുടെ പങ്ക് ഊന്നിപ്പറയുകയും ചെയ്തു. എസ് എ എൽ ഡബ്ള്യൂ -ന്റെ മുഴുവൻ കാലയളവിലും മതിയായ ദേശീയ നിയന്ത്രണങ്ങൾ നടപ്പിലാക്കാനും പ്രയോഗിക്കാനുമുള്ള രാജ്യങ്ങളുടെ ദൃഢനിശ്ചയവും ഇതിലൂടെ സ്ഥിരീകരിക്കപ്പെട്ടു.നിയമവിരുദ്ധമായ ചെറുകിട ആയുധങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്താനും ഐക്യരാഷ്ട്ര സഭയുടെ പങ്കാളിത്തത്തോടെ അവയെ കണ്ടെത്തുന്നതിനുള്ള അന്താരാഷ്ട്ര സഹകരണം വർദ്ധിപ്പിക്കുന്നതിനായി വിവിധ മാർഗങ്ങൾ അന്വേഷിക്കുന്നതിനും രാജ്യങ്ങൾ സമ്മതിച്ചു. എസ് എ എൽ ഡബ്ല്യു മേഖലയിലെ സമീപകാല സാങ്കേതിക വികാസങ്ങളുടെ പ്രത്യാഘാതങ്ങൾ, അനധികൃത ആയുധ കടത്ത് സംബന്ധിച്ച ആശങ്കകൾ, പ്രതിരോധ നടപടികളിലൂടെ അവയുടെ രൂക്ഷമായ പ്രത്യാഘാതങ്ങൾ പരിഹരിക്കാനുള്ള വഴികൾ എന്നിവ യും യോഗത്തിൽ പരിഗണിക്കപ്പെട്ടു. 2024-ലെ നാലാമത്തെ അവലോകന സമ്മേളനത്തിന്റെ, ഫലരേഖയിൽ ഈ രണ്ട് യുഎൻ നടപടികൾ നടപ്പിലാക്കുന്നതിലെ സമീപകാല പ്രവണതകൾ, വെല്ലുവിളികൾ, അവസരങ്ങൾ എന്നിവയുടെ സമഗ്രമായ വിശകലനങ്ങൾ അംഗീകരിക്കുകയും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ശുപാർശകൾ പരിഗണിക്കുകയും ചെയ്തു .

ന്യൂ ഡെൽഹി

ജൂലൈ 04, 2022

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.